ഉത്തരം

(എ) ഒമ്പതാം പദ്ധതിക്കാലത്ത് ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള സമാഹരണം 4585 കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കിയിരുന്നത്.

(ബി) ഈ കാലത്തെ ദേശീയ സമ്പാദ്യ പദ്ധതിയിലൂടെയുള്ള സേവിംഗ്സ് 3630 കോടി രൂപയായിരുന്നു.

(സി) നോൺ റസിഡന്റ് കേരളീയർക്ക് മാത്രമായി പ്രത്യേക സ്കീം ദേശീയ സമ്പാദ്യ പദ്ധതിയിൽ ഇല്ലാത്തതിനാൽ ഇതിന്റെ കണക്ക് പ്രത്യേകമായി ലഭ്യമല്ല.

ആർ. ഡി. ജീവനക്കാർക്ക് പ്രോൽസാഹനം

12 [3297] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകൾ സന്ദർശിച്ച് പോസ്റ്റോഫീസിൽ ഡെപ്പോസിറ്റ് ചെയ്യിപ്പിക്കുന്ന എത്ര ആർ. ഡി. ജീവനക്കാരുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ ഇവർക്ക് നൽകുന്ന കമ്മീഷൻ എത്രയാണ്;

(സി) കമ്മീഷൻ വർദ്ധിപ്പിച്ച് ഇവർക്ക് പ്രോൽസാഹനം നൽകുമോ; ഇതിനുള്ള പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏകദേശം 12000 ആർ. ഡി. ഏജന്റുമാരാണ് (എം. പി. കെ. ബി. വൈ. ഏജന്റ്സ്) സംസ്ഥാനത്ത് ഉള്ളത്.

(ബി) കേന്ദ്ര ഗവൺമെന്റ് 4% കമ്മീഷനാണ് ഈ ഏജന്റുമാർക്ക് നൽകുന്നത്. സംസ്ഥാന ഗവൺമെന്റ് 4% പ്രോൽസാഹന അലവൻസും കൂടാതെ ഒരു വർഷത്തെ മൊത്തം സമാഹരണത്തുകയുടെ 1.25% പ്രോൽസാഹന വാർഷിക ബോണസായും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മീഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. പ്രോൽസാഹന അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

13 [3298] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്ജ്:
„ മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം വിൽപ്പന നികുതി വരുമാനത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവാണ് സർക്കാർ പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേക്കും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് ആഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി. മുൻ വർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. നികുതിപിരിവ് എല്ലാ മാസവും അവലോകനം ചെയ്യുകയും ലക്ഷ്യം കൈവരിക്കാൻ ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ലക്ഷ്യപ്രാപ്തിക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly.